പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*17 23/01/2018-ൽ മറുപടിക്ക്

## പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെയുള്ള കുപ്രചരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ആൻസലൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.കെ.ദാസൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ കുപ്രചരണങ്ങളും എതിർപ്പുകളും നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | ജനങ്ങളിൽ അനാവശ്യ ഭീതി ഉണർത്തുന്ന ഇത്തരം നടപടികൾക്കെതിരെ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ പത്രങ്ങളിൽ ബോധവൽക്കരണത്തിനും അശാസ്ത്രീയമായ പ്രചരണം തടയുന്നതിനുമായി പരസ്യങ്ങൾ നൽകി. നിശ്ചിത ഇടവേളകളിൽ പത്ര വാർത്തകൾ നൽകി. ആരോഗ്യ വകുപ്പ് മന്ത്രി, പത്രത്തിലൂടെയും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും സന്ദേശങ്ങളും, അഭിമുഖവും, വാർത്തകളും നൽകി. നവ മാധ്യമങ്ങളിലൂടെയും പ്രതിരോധ കുത്തിവെയ്പ്പുകൾക്ക് അനുകൂലമായി പ്രചരണങ്ങൾ നടത്തി. ഇതിനു പുറമെ ഏതാനും വാർത്താ ചാനലുകളും ദൃശ്യമാധ്യമങ്ങളും പ്രതിരോധ കുത്തി-വെയ്പ്പുകളുടെ ആവശ്യകതയും ഗുണദോഷങ്ങളും സംബന്ധിച്ച് ബോധവൽക്കരണത്തിനുതകുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. വാക്സിൻ വിരുദ്ധ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് നവമാധ്യമങ്ങളിലൂടെ മറുപടി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് കൂടുതൽ വിമുഖത പ്രകടിപ്പിക്കുന്ന പ്രദേശങ്ങളിൽ ആരോഗ്യ കുടുംബശ്രീ പ്രവർത്തകർ നേരിട്ടെത്തി ബോധവല്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ആരോഗ്യ കുടുംബക്ഷേമ പ്രവർത്തകർ, ആശ- അംഗൻവാടി പ്രവർത്തകർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ